(ബി) എങ്കിൽ ഏത് ഏജൻസിയെക്കൊണ്ടാണ് അന്വേഷിപ്പിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) അന്വേഷണത്തിൽ എന്തെങ്കിലും തെളിവ് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ തെളിവ് എന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) കൊലചെയ്യപ്പെട്ടതാണെങ്കിൽ പ്രതികളെ കണ്ടെത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്.

(സി)(ഡി)&(ഇ) അന്വേഷണത്തിൽ തൂങ്ങിമരണമാണെന്ന് വെളിവായിട്ടുണ്ട്.

67 (2377) അനീഷ്കുമാർ നൽകിയ പരാതി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല പോലീസ് സ്റ്റേഷനിൽ പത്തനംതിട്ട വില്ലേജിൽ അജി വിലാസം അനീഷ്കുമാർ നൽകിയ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൽ എന്തെല്ലാമാണ് പരാതിക്കാർ ഉന്നയിച്ചിരിക്കുന്നത്;

(സി) അനീഷ്കുമാറും ഭാര്യയും വാടകയ്ക്ക് താമസിച്ച വീട്ടിൽനിന്നും അവർ സ്വന്തമായി വാങ്ങിയ വീട്ടുപകരണങ്ങൾ വീട്ടുടമ പോലീസിന്റെ സഹായത്തോടെ വിട്ടുകൊടുക്കാത്തതായ പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കവർച്ചയ്ക്ക് കൂട്ടിനിന്നതിന്റെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിക്കാരനായ അനീഷ്കുമാറും ലൈലാ ജയിംസ് എന്ന സ്ത്രീയും ഭാര്യാഭർത്താക്കൻമാരായി തിരുവല്ല പോലീസ് സ്റ്റേഷനതിർത്തിയിൽ മതിൽഭാഗം എന്ന സ്ഥലത്ത് വാടകയ്ക്ക് താമസിച്ച് വരവേ വീട് ഒഴിഞ്ഞുകൊടുക്കാതെ താൽക്കാലികമായി തിരുവനന്തപുരത്തേയ്ക്ക് താമസം മാറ്റിയ അവസരത്തിൽ വീട്ടുടമയും മറ്റും ചേർന്ന് വീടിന്റെ പൂട്ട് പൊളിച്ച് വീട്ടുസാധനങ്ങൾ കൈവശപ്പെടുത്തിയതായും, പരാതിക്കാരനേയും ഭാര്യയേയും ദേഹോപദ്രവം ഏൽപ്പിച്ചതായും മറ്റുമാണ് പരാതിയിൽ പറഞ്ഞിരിക്കുന്നത്.

(സി) ഉണ്ട്.

(ഡി) പരാതി ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി. അന്വേഷിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly